പുറത്തെഴുത്ത് കത്ത് നം.
എച്ച്2/5927/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : **03/06/2021**

സർക്കാർ സർക്കുലറിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അറിവിലേക്കും തുടർനടപടികൾ സ്വീകരിക്കുന്നതിനായും അയക്കുന്നു. ഇതിനകം നിരസിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകര പ്രൊപ്പോസലുകൾ ഈ സർക്കുലറിന്റെ വെളിച്ചത്തിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ ജില്ലാ , ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പുനഃപരിശോധിക്കേണ്ടതാണ്. അപ്പീലധികാരികളുടെ പക്കൽ ഈ വിഷയത്തിൽ നിലവിലുള്ള സമന്വയയിലെ അപ്പീലുകൾ ഡിസ്പോസ് ചെയ്യേണ്ടതാണ്.

Signature valid

Digitally signed by
SANTHOSH C A
Date: 2021.06.03
18:07:31 IST
Reason: Approved

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താക്കൾ :-

1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

പകർപ്പ് :-

1) എല്ലാ സ്കൂൾ മാനേജർമാർക്കും.
(വെബ് സൈറ്റ്/വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തരം)
2) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര.
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) ഓഫിസ് കോപ്പി/സൂക്ഷിപ്പ് ഫയൽ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ജെ2/52/2021/പൊവിവ
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17/05/2021

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം- എയ്ഡഡ്-അധ്യാപക അധികതസ്തികയിൽ നോൺ ടീച്ചിങ് വിഭാഗക്കാർക്ക് നിയമപരമായി പ്രൊമോഷൻ നൽകുന്നത്-സംബന്ധിച്ച്

സൂചന:- 1 )28/ 02/ 2019ലെ സ.ഉ(പി) നം.3/ 2019/ പൊ.വി.വ
2 )08/ 03/ 2019ലെ സർക്കുലർ നം.ജെ2/ 57/ 2019/ പൊ.വി.വ

************************

കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം.7-ന്റെ ഉപചട്ടങ്ങൾ പ്രകാരം ഒരു മാനേജ്മെന്റിലുണ്ടാകുന്ന അധിക തസ്തികകളിൽ അതേ മാനേജ്മെന്റിലെ നിയമാനുസൃതാവകാശികൾ ഇല്ലെങ്കിൽ മാത്രം സംരക്ഷിതാദ്ധ്യാപക നിയമനം നടത്തിയാൽ മതിയാകുന്നതാണ് . ചട്ടം 43 അവകാശികൾ, ചട്ടം 51എ അവകാശികൾ, ചട്ടം 51ബി അവകാശികൾ എന്നിങ്ങനെ മൂന്നു തരക്കാരെയാണ് നിയമാനുസൃതാവകാശികൾ ആയി പ്രസ്തുത ഉപചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളത്. ഒരു അദ്ധ്യാപക ഒഴിവ് നികത്തേണ്ട സാഹചര്യത്തിൽ നിലവിൽ പ്രസ്തുത മാനേജ്മെന്റിൽ ജോലിയെടുത്തുവരുന്നതായ യോഗ്യതയുള്ള ഒരു അദ്ധ്യാപകനെ പ്രൊമോട്ട് ചെയ്യാനോ [ചട്ടം 43 അവകാശി], അല്ലെങ്കിൽ പ്രസ്തുത മാനേജ്മെന്റിൽ ജോലിയെടുത്തു വരവേ, തസ്തികനഷ്ടം വന്നു പുറത്തായി നിൽക്കുന്ന ഒരു അദ്ധ്യാപകന് പുനർ നിയമനം നല്കാനോ[ചട്ടം 51എ അവകാശി],അതുമല്ലെങ്കിൽ പ്രസ്തുത മാനേജ്മെന്റിൽ ജോലിയെടുത്തു വരവേ, ദിവംഗതരായവരുടെ ആശ്രിതരിൽ നിയമനത്തിന് അർഹതയുള്ളവരുണ്ടെങ്കിൽ അവരെ നിയമിക്കാനോ [ചട്ടം 51ബി അവകാശി] ഉണ്ടെങ്കിൽ ആ വ്യക്തിയ്ക്കു നിയമനം നല്കിയശേഷം മാത്രം പുതുതായി നിയമനം നടത്തിയാൽ മതിയാകുമെന്ന സ്വാഭാവിക നീതിയുടെ ഭാഗമായാണ് കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം.7-ന്റെ ഉപചട്ടങ്ങൾ രൂപപ്പെട്ടിട്ടുള്ളത്.

കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 1(1)-നു ചുവടെയുള്ള Note.1 പ്രകാരം, മാനേജ്മെന്റിലുണ്ടാകുന്ന ഒരു ഒഴിവ് നികത്തുന്നതിന് അനുയോജ്യരായ ടീച്ചേഴ്സിനെ ലഭ്യമല്ലെങ്കിൽ പ്രസ്തുത മാനേജ്മെന്റിലെ യോഗ്യതയുള്ള അനദ്ധ്യാപകന് പ്രസ്തുത ഒഴിവിലേയ്ക്ക് അർഹതയുണ്ടാകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.ആയതിനാൽ,ടി അനധ്യാപകരും അതേ മാനേജ്മെന്റിലെ നിയമാനുസൃതാവകാശികളാണ്.

മേൽ സാഹചര്യത്തിൽ,ഒരു മാനേജ്മെന്റിലെ ഒരു അധികതസ്തിക ഒഴിവ്

സംരക്ഷിതാദ്ധ്യാപക നിയമനം വഴി നികത്തുന്ന വേളയിൽ ചട്ടം 43 അവകാശികൾ, ചട്ടം 51എ അവകാശികൾ, ചട്ടം 51ബി അവകാശികൾ എന്നിവരുടെ അഭാവത്തിൽ കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 1(1)-ന്റെ ചുവടെയുള്ള Note.1 പ്രകാരം യോഗ്യതയോട്ടു കൂടിയ ഒരു അനദ്ധ്യാപകൻ അതേ മാനേജ്മെന്റിലുണ്ടെങ്കിൽ പ്രസ്തുത അനദ്ധ്യാപകനെ പരിഗണിച്ചശേഷം മാത്രം സംരക്ഷിതാദ്ധ്യാപക നിയമനം നടത്തിയാൽ മതിയാകുമെന്ന് നിർദേശം പുറപ്പെടുവിക്കുന്നു.

A P M MOHAMMED HANISH
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.(ഡയറക്ടർ

മുഖേന) )

3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡയറക്ടർ

മുഖേന)

4.പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.

5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**

പകർപ്പ്:- 1). ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2). പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എ യ്ക്ക്